# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1281

30.01.2018-ന് മറുപടിയ്ക്ക്

## സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| നിലമ്പൂർ മാനവേദൻ ജി.വി.എച്ച്.എസ്.എസ്, എടക്കര ജി.എച്ച്.എസ്.എസ്, മൂത്തേടം ജി.എച്ച് .എസ്.എസ് പൂക്കോട്ടും പാടം ജി.എച്ച്.എസ്.എസ് എന്നീ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | നിലമ്പൂർ മണ്ഡലത്തിലെ മാനവേദൻ ജി.വി.എച്ച്. എസ്.എസിന് മികവിന്റെ കേന്ദ്രമാക്കുന്നതിനായി 5 കോടി രൂപയുടെ ഡി.പി.ആർ. പ്രകാരം 8.27 കോടി രൂപയുടെ (എട്ടുകോടി ഇരുപത്തേഴ് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും 5 കോടി (അഞ്ചുകോടി) രൂപയുടെ കിഫ്ബി ധനസഹായവും ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 3 കോടി (മൂന്ന് കോടി) രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എടക്കര ജി.എച്ച്.എസ്.എസ്, മൂത്തേടം ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് ഡി.പി.ആർ. പ്രകാരം യഥാക്രമം 3.11, 4.87 കോടി രൂപയുടെ (മൂന്നുകോടി പതിനൊന്ന് ലക്ഷം, നാലുകോടി എൺപത്തിയേഴ് ലക്ഷം) ഭരണാനുമതി നൽകിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 3 കോടി (മൂന്ന് കോടി) രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് കൂടാതെ നിലമ്പൂർ ജി.വി.എച്ച്.എസ്.എസിന് ആർ.എം.എസ്.എയുടെ 2010-11, 2011-12 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ലൈബ്രറി, സയൻസ് ലാബ്, |

കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ് റൂം എന്നിവയ്ക്കായി 28.730 ലക്ഷം രൂപ (ഇരുപത്തെട്ട് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ) അനുവദിക്കുകയും ആദ്യഗഡുവായി 14.365 ലക്ഷം രൂപ (പതിനാല് ലക്ഷത്തി മുപ്പത്താറായിരത്തി അഞ്ഞൂറ് രൂപ) നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എടക്കര ജി.എച്ച്.എസ്.എസിന് പ്രസ്തുത പദ്ധതിയിൻ കീഴിൽ ടോയ്ലെറ്റ് നിർമ്മാണത്തിനായി ഒരു ലക്ഷം രൂപയും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി 50,000 രൂപയും (അമ്പതിനായിരം രൂപ) അനുവദിച്ച് മലപ്പുറം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസിന് ആർ.എം.എസ്.എ.യുടെ 2010-11, 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ് റൂം എന്നിവയ്ക്കായി 34.360 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷത്തി മുപ്പത്താറായിരം രൂപ) അനുവദിച്ചതിൽ 17.180 ലക്ഷം രൂപയും (പതിനേഴ് ലക്ഷത്തി പതിനെണ്ണായിരം രൂപ) കൂടാതെ ടോയ്ലെറ്റ് നിർമ്മാണത്തിനായി അനുവദിച്ച ഒരുലക്ഷം രൂപയും മലപ്പുറം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ